(2) ഭരണഘടനയിലെ 243-ാം ആർട്ടിക്കിൾ ഭേദഗതി വരുത്തുമ്പോൾ സംസ്ഥാനത്തിന്റെ താല്പര്യത്തിന് അനുസൃതമായി മാറ്റങ്ങൾ വരുത്തണമെന്ന ആവശ്യം

ശ്രീ. കെ. സി. ജോസഫ് : സർ, 73 ഉം 74-ഉം ഭരണഘടനാ ഭേദഗതിയിലൂടെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പ്രവർത്തന സ്വാതന്ത്ര്യത്തെ സംബന്ധിച്ച് ഭരണഘടനയിലെ 243-ാം ആർട്ടിക്കിളിന് മാറ്റം വരുത്താൻ കേന്ദ്ര ഗവൺമെന്റ് ആലോചിക്കുന്ന സാഹചര്യത്തിൽ താഴെ പറയുന്ന രീതിയിൽ മാറ്റം വരുത്താൻ കേന്ദ്രത്തോട് അഭ്യർത്ഥിക്കണം. ഒന്ന്. കേരളത്തിന്റെ പ്രത്യേകമായ സാഹചര്യം കണക്കിലെടുത്തുകൊണ്ട് ബ്ലോക്കുതല പഞ്ചായത്തുകൾ വേണ്ടെന്നു തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം നമ്മുടെ അസംബ്ലിക്ക് വേണം. രണ്ട്, മുനിസിപ്പൽ കോർപ്പറേഷൻ അതിർത്തികളിൽ ജില്ലാ പഞ്ചായത്തുകൾക്ക് അധികാരമുണ്ടാക്കുന്ന തരത്തിലുള്ള മാറ്റം വരുത്താൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, പാർലമെന്റിൽ അവതരിപ്പിച്ചുകഴിഞ്ഞ ഭരണഘടനയുടെ 87-ാം ഭേദഗതി ബിൽ മുഖേന ആർട്ടിക്കിൾ 243 ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നതായും ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം അറിയിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര ഗ്രാമവികസന വകുപ്പുമന്ത്രി ശ്രീ. സുന്ദർലാൽ പട്വയുടെ ഒരു കത്തു ലഭിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ കത്തു ലഭിക്കുന്നതിനു മുമ്പ് ഇത്തരത്തിൽ ഒരു ഭേദഗതിക്ക് കേരള സർക്കാരിന്റെ പിന്തുണ അഭ്യർത്ഥിച്ചുകൊണ്ട് ആന്ധ്രാപ്രദേശ് പഞ്ചായത്ത് വകുപ്പുമന്ത്രി ശ്രീ. മാധവ റെഡ്ഡിയുടെ കത്തു ലഭിക്കുകയുണ്ടായി. ത്രിതല പഞ്ചായത്തുകൾ തമ്മിൽ ബന്ധപ്പെടുത്തുക എന്ന ഉദ്ദേശത്തോടുകൂടി ബ്ലോക്കു പഞ്ചായത്തു പ്രസിഡന്റിനേയും ജില്ലാ പഞ്ചായത്തു പ്രസിഡന്റിനേയും തെരഞ്ഞെടുക്കാനുള്ള മാർഗ്ഗം നിർദ്ദേശിക്കാനുള്ള അവകാശം സംസ്ഥാന നിയമസഭകൾക്ക് നൽകണമെന്നും അതുവഴി ഗ്രാമ പഞ്ചായത്തു പ്രസിഡന്റുമാർ ബ്ലോക്ക് പഞ്ചായത്തിലും ബ്ലോക്ക് പഞ്ചായത്തു പ്രസിഡന്റുമാർ ജില്ലാ പഞ്ചായത്തിലും അംഗങ്ങളാവുക എന്ന സംവിധാനം ഏർപ്പെടുത്താൻ കഴിയണമെന്നുമാണ് ഭരണഘടന ഭേദഗതി കൊണ്ട് ഉദ്ദേശിക്കുന്നത്. ആന്ധ്രാപ്രദേശ് മന്ത്രിയുടെ കത്തും പരിശോധിച്ച് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ മന്ത്രിസഭ ചർച്ചചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക ഭരണവുമായി ബന്ധപ്പെട്ട ഏതെങ്കിലും ഭരണഘടനാ ഭേദഗതിയിൻമേൽ അന്തിമ തീരുമാനമെടുക്കുന്നതിനുമുമ്പ് സംസ്ഥാന സർക്കാരുമായി ആലോചിക്കേണ്ടതാണെന്നും ഭരണഘടനാ ഭേദഗതികൾ വരുത്തുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾകൂടി ഉൾപ്പെടുത്തേണ്ടതാണെന്നും ഞാൻ പ്രധാനമന്ത്രിയോട് കത്തു മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്. (എ) സംസ്ഥാന സർക്കാർ തീരുമാനിക്കുന്ന പക്ഷം ജില്ലാ പഞ്ചായത്തിനു പകരം നഗര-ഗ്രാമ വിഭാഗങ്ങളെ പ്രതിനിധാനം ചെയ്യുന്ന ജില്ലാ കൗൺസിലുകൾ രൂപീകരിക്കുന്നതിന് അധികാരം നൽകണം. (ബി) ഗ്രാമ പഞ്ചായത്തിനും ബ്ലോക്കു പഞ്ചായത്തിനും ജില്ലാ ആസൂത്രണ സമിതിക്കും പ്രാതിനിത്യം നൽകുന്നതിനുവേണ്ട വ്യവസ്ഥകൾ ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

(സി) അതിർത്തി നിർണ്ണയം എപ്പോഴൊക്കെ ആകാം എന്നതിൽ തീരുമാനമെടുക്കുന്നതിന് അധികാരം നൽകുക. ഇത്തരത്തിൽ കഴിഞ്ഞ ഫെബ്രുവരി 17-ാം തീയതി എഴുതിയ കത്തിന് മറുപടി പ്രതീക്ഷിക്കുകയാണ്.

(3) സർക്കാർ സർവ്വീസിൽ കായിക താരങ്ങളെ നിയമിക്കുന്ന പദ്ധതിയനുസരിച്ചുള്ള നിയമനങ്ങൾ

ശ്രീ. പിരപ്പൻകോട് മുരളി : സർ, സംസ്ഥാന സർക്കാർ സർവ്വീസിൽ വർഷംതോറും ഇരുപതു കായിക താരങ്ങളെ നിയമിക്കുന്ന പദ്ധതി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിറുത്തി വച്ചിരുന്നു. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതി പുനരാരംഭിക്കാനും 1991 മുതൽ 1996 വരെ നിയമനം നിർത്തിവച്ചിരുന്ന കാലയളവിൽ നിയമനം ലഭിക്കേണ്ട നൂറു കായിക താരങ്ങളെ നിയമിക്കാനും തീരുമാനിക്കുകയുണ്ടായി. ഇതനുസരിച്ച് 25-11-1998-ൽ അപേക്ഷ ക്ഷണിക്കുകയും ചെയ്തു. ഒരു വർഷത്തിലേറെ കഴിഞ്ഞിട്ടും നിയമനനടപടികൾ പൂർത്തിയായിട്ടില്ല. ഈ നിയമനത്തെ സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള ഒ.പി. തീർപ്പായിട്ടുണ്ടെന്നാണ് അറിയുന്നത്. ഈ സാഹചര്യത്തിൽ നിയമന നടപടികൾ സമയ ബന്ധിതമായി പൂർത്തിയാക്കണം. 1996-1997 മുതലുള്ള വർഷങ്ങളിലും പദ്ധതി നിയമനം തുടരേണ്ടതാണ്. അതിനുവേണ്ടിയുള്ള നടപടിയും ഗവൺമെന്റ് അടിയന്തിരമായി കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു. ഇലക്ട്രിസിറ്റിബോർഡ്, കെ.എസ്.ആർ.ടി.സി. പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലും പോലീസ് ഡിപ്പാർട്ടുമെന്റിലും മറ്റും കായികതാരങ്ങളെ നിയമിക്കുന്ന പദ്ധതിയും കാര്യക്ഷമമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, മികച്ച കായിക താരങ്ങളെ സംസ്ഥാന സർവ്വീസിൽ ക്ലാസ്സ്-2, ക്ലാസ്സ്-3, ക്ലാസ്സ്-4 എന്നീ വിഭാഗങ്ങളിലായി ഒരു കലണ്ടർ വർഷത്തിൽ 20 പേർക്ക് നിയമനം നൽകുന്ന പദ്ധതി നിലവിലുണ്ട് 1992 മുതൽ 1996 വരെയുള്ള 100 ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് കായിക താരങ്ങളിൽനിന്നും 25-11-1998-ൽ സർക്കാർ വിജ്ഞാപന പ്രകാരം അപേക്ഷ ക്ഷണിക്കുകയും അതുപ്രകാരം ലഭിച്ച 1400 അപേക്ഷകളുടെ പരിശോധന പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. 25-11-1998 ലെ വിജ്ഞാപനത്തെ ചോദ്യം ചെയ്തുകൊണ്ട് മൂന്നുകേസുകൾ കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. അതിൽ ഒരെണ്ണം തീർപ്പായിട്ടുണ്ട്. സർക്കാർ ഉത്തരവു പ്രകാരം രൂപീകരിച്ചിട്ടുള്ള സെലക്ഷൻ കമ്മിറ്റിയുടെ യോഗം വിളിച്ചുകൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1996 വരെയുള്ള ഒഴിവുകളിലേക്ക് നിയമനം പൂർത്തിയാകുന്ന മുറയ്ക്ക് 1997 മുതലുള്ള ഒഴിവുകളിലേക്ക് നിയമനത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(4) ഓട്ടോറിക്ഷാ ഡ്രൈവറായ ജാഫറിന്റെ മരണം

ശ്രീമതി എൻ. കെ. രാധ : സർ, പേരാമ്പ്ര പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട ചേനോളി അംശം വാളൂർ ദേശത്ത് അബൂബക്കർ മുസലിയാരുടെ മകനും ഓട്ടോറിക്ഷാ ഡ്രൈവറുമായ ജാഫറിനെ 18-6-1999 രാത്രി

LIBRARY ARCHIVES Kerala Legislative Assembly